**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **13-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച കേന്ദ്ര നിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ .പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുതിയ നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; | (എ) | 25 വർഷം കഴിഞ്ഞ കൽക്കരി, പ്രകൃതിവാതക നിലയങ്ങളുടെ Genco wise common pool ഉണ്ടാക്കുന്നതിനുള്ള ഒരു ആശയ കുറിപ്പ് (concept note) കേന്ദ്ര ഊർജ്ജ മന്ത്രാലയം 15-11-2022-ൽ പുറപ്പെടുവിക്കുകയുണ്ടായി. 25 വർഷം തികയുന്ന നിലയങ്ങൾ സ്വയമേ ഈ pool-ൽ കൂട്ടിച്ചേർക്കപ്പെടും. |
| (ബി) | ഉയർന്ന നിരക്ക് ഈടാക്കുന്ന കൽക്കരി, പ്രകൃതി വാതക നിലയങ്ങളിൽ നിന്നും നിർബന്ധമായും വൈദ്യുതി വാങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | 25 വർഷം തികയുന്ന നിലയങ്ങൾ pool-ലേയ്ക്ക് കൂട്ടിച്ചേർക്കുന്നതുമൂലം, ടി നിലയങ്ങളുടെ താരിഫ് pool-ന്റെ tariff ലെയ്ക്ക് മാറും. 25 വർഷം കഴിഞ്ഞ നിലയങ്ങളുടെ താരിഫ് താരതമ്യേന കുറവാണ്. എന്നാൽ pool-ൽ കയറുന്നതോടെ ടി നിലയങ്ങളുടെ താരിഫ് കൂടാനാണ് സാധ്യത. ടി നിലയങ്ങളുമായി വൈദ്യുതി വാങ്ങൽ കരാറുകൾ (power purchase agreement) തുടരുന്ന വിതരണ കമ്പനികൾക്കോ / സംസ്ഥാനങ്ങൾക്കോ ടി poolലെ നിരക്കായിരിക്കും ബാധകം. ടി poolൽ കൽക്കരിയ്ക്കൊപ്പം പ്രകൃതി വാതക നിലയങ്ങൾ ഉള്ളതിനാൽ നിരക്ക് ഉയരുന്നതായിരിക്കുമെന്നാണ് നിഗമനം. എന്നാൽ 25 വർഷം കഴിഞ്ഞ നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (power purchase agreement) വിട്ടുതൽ ചെയ്ത് ടി pool-ൽ നിന്ന് വൈദ്യുതി വാങ്ങാതെയിരിക്കാനും സംസ്ഥാനങ്ങ ൾക്കോ/ വിതരണ കമ്പനികൾക്കോ സാധിക്കുമെന്നാണ് മനസ്സിലാവുന്നത്. എന്നാൽ വിട്ടുതൽ ചെയ്യുന്നതിനു മുന്നോടിയായി ഇതിനുപകരം മറ്റു വൈദ്യുതി സ്രോതസ്സുകൾ വിതരണ കമ്പനിയ്ക്ക് കണ്ടെത്തേണ്ടതായിട്ട് വരും |
| (സി) | എങ്കിൽ പ്രസ്തുത നിർദേശം നടപ്പാക്കുന്നതിനെ തുടർന്നുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയിൽ നിന്നും ഉപഭോക്താക്കളെ | (സി) | പ്രസ്തുത ആശയ കുറിപ്പിന്റെ (Concept note) കരട് മാത്രമാണ് ഇപ്പോൾ പുറപ്പെടു വിച്ചിട്ടുള്ളത്. ഇതിന് മേൽ അഭിപ്രായങ്ങൾ എല്ലാവരോടും ആരാഞ്ഞിട്ടുണ്ട്. ഈ കരട് കുറിപ്പിന് അന്തിമരൂപം |

| | | | |
|---|---|---|---|
| | ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | | നൽകി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചതിന് ശേഷമേ, ഇത് മൂലം അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ ഇല്ലയൊ എന്ന് കണക്കാ ക്കാനാവൂ. ഇങ്ങനെയുണ്ടാകുന്ന അധിക ബാധ്യതയെ സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളാണ്. |

സെക്ഷൻ ഓഫീസർ